**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട** | **13.01.2021 ൽ മറുപടിക്ക്**
**ചോദ്യം നമ്പർ : 51***

**വ്യവസായരംഗത്ത് കുതിപ്പുണ്ടാക്കുന്ന പദ്ധതികൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എസ്. ശർമ്മ**<br>**ശ്രീ. എം. സ്വരാജ്**<br>**ശ്രീ. കെ. വി. വിജയദാസ്**<br>**ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | വ്യവസായരംഗത്ത് കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയുള്ള കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി ആരംഭിക്കാൻ കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശാല ലക്ഷ്യം വിശദമാക്കാമോ; | (എ) | വ്യവസായ രംഗത്ത് കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയുള്ള കൊച്ചി ബംഗളൂരു വ്യവസായ ഇടനാഴി ആരംഭിക്കാൻ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.<br><br>കൊച്ചിയിൽ തുടങ്ങി പാലക്കാട് അവസാനിക്കുന്ന മേഖലയിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഉല്പാദന മേഖലയുടെ ക്ലസ്റ്ററുകൾ (Integrated Manufacturing Clusters) രൂപീകരിക്കുന്ന പദ്ധതിയാണ് വ്യവസായ ഇടനാഴി. പ്രസ്തുത ഇടനാഴിയിൽ എല്ലാ മേഖലയിലുമുള്ള വ്യവസായ സംരംഭങ്ങൾക്ക് ക്ലസ്റ്ററുകളായി പ്രവർത്തിക്കാൻ സാധിക്കും. ഇതുവഴി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും അതുവഴി പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവസരം ഒരുക്കും. |
| (ബി) | പ്രാരംഭ പ്രോജക്ടായി തിരഞ്ഞെടുത്തിട്ടുള്ള ആലുവ ഗിഫ്റ്റ് സിറ്റിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; പദ്ധതിയിലെ പ്രതീക്ഷിതനിക്ഷേപവും തൊഴിലവസരങ്ങളും എത്രയെന്ന് അറിയിക്കാമോ; | (ബി) | ആലുവ ഗിഫ്റ്റ് സിറ്റിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്.<br><br>വ്യവസായ ഇടനാഴിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് ഗിഫ്റ്റ് സിറ്റി (Global Industrial Finance and Trade City (GIFT CITY). അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ, ഐ.ടി കോംപ്ലക്സുകൾ. പാർപ്പിട സമുച്ചയങ്ങൾ, കൺവെൻഷൻ സെന്ററുകൾ വ്യവസായ ടൗൺഷിപ്പ് എന്നിവ ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണ് ഗിഫ്റ്റ് സിറ്റി. വികസിപ്പിച്ച റോഡുകൾ, ടൗൺഷിപ്പ്, മാലിന്യ സംസ്കരണം. സീവേജ് ട്രീറ്റ്മെന്റ് സംവിധാനം, വൈദ്യുതി വിതരണം, ജലവിതരണം ഇവയെല്ലാം |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി ഒരു മെഗാ ടൗൺഷിപ്പ് എന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതുവഴി പദ്ധതി യാഥാർത്ഥ്യമാവുമ്പോൾ 3000 കോടി രൂപയുടെ നിക്ഷേപവും 10000 ഓളം നേരിട്ടുള്ള തൊഴിലവസരങ്ങളും 20000 ഓളം പരോക്ഷമായ തൊഴിലവസരങ്ങളും 5 വർഷത്തിനുള്ളിൽ സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | പ്രത്യക്ഷമായും പരോക്ഷമായും ഒരു ലക്ഷത്തോളം പേർക്ക് തൊഴിലവസരം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന പതിനായിരം കോടി നിക്ഷേപത്തോടെ ആയിരത്തി എണ്ണൂറ് ഏക്കറിൽ പാലക്കാട് സജ്ജമാക്കുന്ന വ്യവസായമേഖലയുടെ പ്രാരംഭ പ്രവർത്തനം കുറിക്കാനായിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതുപ്രകാരം പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 470 ഏക്കറും പുതുശ്ശേരി സെൻട്രൽ I വില്ലേജിൽ 600 ഏക്കറും. ഒഴലപ്പതി വില്ലേജിൽ 250 ഏക്കറും പുതുശ്ശേരി സെൻട്രൽ II വില്ലേജിൽ 501 ഏക്കറും കണ്ടെത്തിയിട്ടുണ്ട്. മേൽ പറഞ്ഞ സ്ഥലങ്ങളിൽ എല്ലാം തന്നെ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ